

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 14)537/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസി.ഡെവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 14)537/2023 തീയ്യതി: 28/04/2023

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സുധാ ദാസ്	ജോയിന്റ് ഡയറക്ടർ	17-04-2023	20-04-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-04-2023	20-04-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സീനത്ത് പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു പി ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കുമാർ കെ.സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജോയ്സൻ സി.ജെ, ഓഡിറ്റർ (ഹ.ഗ്രേ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.സി പ്രസാദ്	പ്രസിഡന്റ്	01-04-2021	31-03-2022
അമ്മുക്കുട്ടി .പി.സ്കറിയ	സെക്രട്ടറി	01-04-2021	31-05-2021
ജോളി വിജയൻ	സെക്രട്ടറി	01-06-2021	23-06-2021
സംഗീത്.സി.കെ	സെക്രട്ടറി	24-06-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ആനി.കെ.എസ്	അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ	01-04-2021	31-05-2021
സന്തോഷ്.എം.പി	അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ	01-06-2021	04-10-2021
നയന ജോസി	അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ	05-10-2021	31-03-2022
സന്ദീപ്.സി.എസ്	അസി.എഞ്ചിനീയർ	01-04-2021	31-03-2022
ഡോ.രാധാകൃഷ്ണൻ	സൂപ്രണ്ട്.സി.എച്ച്.സി വാടാനപ്പിള്ളി	01-04-2021	31-03-2022
കുര്യാക്കോസ് കെ.ജെ	അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2021	31-03-2022
ഡോ.സിൽവൻ	സീനിയർ വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശുഭ നാരായണൻ	ചൈൽഡ് ഡവലപ്മെന്റ് പൊജക്ട് ഓഫീസർ	01-04-2021	31-03-2022
സ്മിത ജെയിംസ് പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
മനോജ്.ടി	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
ദീപ.വി.എസ്	ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ	01-04-2021	31-01-2022
സിനി ടി.ഡി	ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ	01-02-2022	25-02-2022

ഷൈനിമോൾ കെ.ജെ	ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ	26-02-2022	31-03-2022

.

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം)	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	ക്യാഷ് പരിശോധന	1-6
7	ആഭ്യന്തര നിയന്ത്രണം	1-7
8	വാർഷിക ധനകാര്യ പത്രിക പരിശോധന	1-8
9	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-8-1
10	ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം	1-8-2
11	വരവ് രജിസ്റ്റർ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-8-3
12	വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്.	1-8-4
13	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-8-5
14	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-8-6
15	ഡിപ്രിയിസേഷൻ -കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.	1-8-7
16	ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കിയത് ശരിയല്ല.	1-8-7-1
17	അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.	1-8-8
18	ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.	1-8-9
19	ഡെപ്പോസിറ്റ് രജിസ്റ്റർ വരവ്,ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-8-9-1
20	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-8-10
21	സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-8-11
22	വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.	1-8-12
23	Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക കൃത്യമല്ല.	1-8-13
24	മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല.	1-8-14
25	ഡവലപ്മെന്റ് ഫണ്ട് ജനറൽ,എസ്.സി.പി.,മെയിന്റനൻസ് ഫണ്ട്	1-8-15

	നോൺറോഡ് എന്നിവയുടെ വരവും ,ചെലവും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.	
26	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ -പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-8-16
27	നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.	1-8-17
28	ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക,പാസ്ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.	1-8-18
29	കാലാവധി കഴിഞ്ഞ ചെക്കുകൾ ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല	1-8-18-1
30	"Cheques Deposited But Not Credited" ആയിട്ടുള്ള ചെക്കുകൾ വരവായി എടുത്തിട്ടില്ല.	1-8-18-2
31	ഇടപാടുകളില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.	1-8-19
32	കളക്ഷൻ തുക ബാങ്കിൽ വരവ് വന്നിട്ടില്ല	1-9
33	ഗവ.പ്രീമെട്രിക് ഹോസ്റ്റൽ പൊളിച്ചത് ലേലം നടത്തിയ രേഖകൾ ഹാജരാക്കിയില്ല	1-10
34	ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്യേണ്ടതാണ്	1-11
35	സ്ഥലം എറ്റെടുക്കൽ തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-12
36	രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു	1-13
37	വാടക രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-14
38	പാലിയേറ്റീവ് കെയർ - പഞ്ചായത്തിനുള്ള വിഹിതം-ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-15
39	സെക്കണ്ടറി പാലിയേറ്റീവ് കെയർ ,ഡിമെൻഷ്യ ക്ലിനിക്ക് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.	1-16
40	കാലിത്തീറ്റ വിതരണം-സംയുക്ത പ്രോജക്ട് -രേഖകൾ ഹാജരാക്കിയിട്ടില്ല-211295 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	1-17
41	വനിതകൾക്ക് ഗ്രൂപ്പ് സംരംഭം- പ്രവർത്തനം ആരംഭിച്ചില്ല- 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-18
42	സംയുക്ത പ്രൊജക്ടുകൾ-വിവിധ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-കൈപ്പറ്റുരേഖയും ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്	1-19
43	ഡെപ്പോസിറ്റ് പ്രവൃത്തികൾ - എഗ്രിമെന്റ് വെക്കാതെ തുക കൈമാറി	1-20
44	ബ്ലോക്ക് പഞ്ചായത്ത് ഹാൾ പ്രസിഡന്റിന്റെ മുറി നവീകരണപ്രവൃത്തി-	1-21

	ഇൻകം ടാക്സ്, KCWWF എന്നിവ ഈടാക്കി കാണുന്നില്ല	
45	ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-22
46	നിർവ്വഹണ ഉദ്യോഗസ്ഥരുടെ ട്രഷറി ബിൽ ബുക്ക്/ഇ-ബിൽ ബുക്ക്, ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാകേണ്ട മുഴുവൻ ഫണ്ടുകളുടെയും ഇ-ബിൽ സ്റ്റേറ്റ്മെന്റ് തുടങ്ങിയവ ഓഡിറ്റിന് ഹാജരാക്കിയില്ല	1-23
47	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഭരണഘടനാവബോധം ക്ലാസ്സ്-പ്രൊജക്ട് നിർവ്വഹണത്തിന് ഫണ്ട് വിനിയോഗിച്ചതിലെ അപാകത;ചെലവു തുക 50000 രൂപ തടസ്സത്തിൽ വെക്കുന്നു	1-24
48	ഭരണ സമിതി തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്	1-25
49	ഭവന പദ്ധതികൾ-തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്	1-26
50	വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ	1-27
51	ജനറേറ്റർ റിപ്പയറിന് മുൻകൂർ നൽകിയതിലെ അപാകത; 15062 രൂപ തടസ്സപ്പെടുത്തുന്നു	1-28
52	വലപ്പാട് സാമൂഹ്യാരോഗ്യകേന്ദ്രം കെട്ടിടം നവീകരണം-നിർമ്മാണ വസ്തുക്കൾ ലേലം നടത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്	1-29
53	മണ്ണിന്റെ വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല	1-30

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	18.02.2021, തീരുമാനം നം.6(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	255107550	244625120
റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	22.03.2022, തീരുമാനം 1(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	241819068	234147042

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2022	17.6.22

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	13286995.00
വരവ്	33753601.00
ആകെ	47040596.00
ചെലവ്	34845866.00
നീക്കിയിരിപ്പ്	12194730.00

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട്-ജനറൽ(ACR പ്രകാരം)	0	24488591	24488591	19996410	4492181
മെയിന്റനൻസ് ഫണ്ട് നോൺ - റോഡ്(ACR പ്രകാരം)	0	5506983	5506983	3154881	2352102
വികസന ഫണ്ട് – എസ് സി പി (ACR പ്രകാരം)	0	13338048	13338048	8964534	4373514
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) (ACR പ്രകാരം)	0	4401546	4401546	476419	3925127
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ACR പ്രകാരം)	0	10028103	10028103	4782266	5245837

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
73	80393792	46	43184714	54%	63%

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-8 വാർഷിക ധനകാര്യ പത്രിക പരിശോധന

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. (ഓഡിറ്റ് എൻകൃയറി നം.6/18.04.23)

1-8-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാനപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2100, ചട്ടം 62 (എഫ്)

1-8-2 ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം

2021-22ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

ക്ര. നം.	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക	130100101-Rent From Building	6000	12.04.2021	42100069

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-8-3 വരവ് രജിസ്റ്റർ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)).

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഇനം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
കെട്ടിടങ്ങളിൽ നിന്നുള്ള വാടക	6000	6000	0

1-8-4 വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-8-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-8-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1092265/-രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15447810/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-8-7 ഡിപ്രിയിസേഷൻ -കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 1927404/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-8-7-1 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കിയത് ശരിയല്ല.

1/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 749252/-രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 1064512/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ്

കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

1-8-8 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.

അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്താത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-8-9 ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

1-8-9-1 ഡെപ്പോസിറ്റ് രജിസ്റ്റർ വരവ്,ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തൻവർഷം 66000/- രൂപ വരവുണ്ട്. എന്നാൽ ടി തുക വാർഷിക കണക്കിന്റെ വരവിൽ ഉൾപ്പെട്ടിട്ടില്ല. തൻവർഷം ചെലവ് ചെയ്ത തുകയും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-8-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

1-8-11 സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി വർഷാന്ത്യ മൂല്യം കണക്കാക്കി ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

1-8-12 വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വായ്പ ഇനത്തിൽ തൻവർഷം 261116/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1-8-13 Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക കൃത്യമല്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 825689/-രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 713608/-രൂപ യാണ്. 20-21 ബാലൻസ് ഷീറ്റ് പ്രകാരമുള്ള അതേ തുക തന്നെയാണ് 21-22 ലും ചേർത്തിട്ടുള്ളത്.

1-8-14 മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല.

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്.വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ്

തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-8-15 ഡവലപ്മെന്റ് ഫണ്ട് ജനറൽ,എസ്.സി.പി.,മെയിന്റനൻസ് ഫണ്ട് നോൺറോഡ് എന്നിവയുടെ വരവും ,ചെലവും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഗ്രാന്റ് ആയി ലഭിച്ച തുകകളിൽ തൻവർഷം ചെലവഴിച്ച റവന്യൂ ഇനങ്ങൾക്ക് തത്തുല്യമായ തുക ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഡവലപ്മെന്റ് ഫണ്ട് ജനറൽ, എസ്.സി.പി.,മെയിന്റനൻസ് ഫണ്ട് നോൺറോഡ് എന്നിവയുടെ വരവും, ചെലവും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ഫണ്ടിനം	വരവ്	ചെലവ്
1	പ്ലാൻ ഫണ്ട്-ജനറൽ	24488591/-	20996498/-
2	എസ്.സി.പി.	13338048/-	8964534/-
3	നോൺ റോഡ്	5506983/-	3154881/-

1-8-16 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ -പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗ്രണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4		
ക്രമ നമ്പർ	ശീർഷകം	ഇനം	തുക
1	321100110	IAY	95167/-
2	320100115	TSc	135987/-
3	320100121	ICDS	8491
4	320200104	CFC	345994/-
5	320200324	Epidemic Control	519918/-
6	320300199	Grant For Specific Purpose	160341
7	320700203	Joint Venture-village Panchayath	4290059/-
8	320700205	Joint Venture-District Panchayath	94260
9	320900101	Nirmal Puraskar	5231
10	320900299	Awards -State	500000/-
11	350200301	COVID	99450

1-8-17 നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ്

രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന	പ്രോജക്ട്	വൗച്ചർ നമ്പർ	ഡെപ്പോസിറ്റ് തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം
1	114/22	XVFC/21-22/P/74 Dt.15.03.22	1741075	252200801	460500204-Advance To Implementing Agencies-KWA
2	64/22	XVFC/21-22/P/11 Dt. 07.02.22	600000/-	252200801	460500204-Advance To Implementing Agencies-KWA
3	121/22	ലഭ്യമല്ല	630000/-	വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	460500204-Advance To Implementing Agencies-KWA
4	110/22	XVFC/21-22/P/66 Dt. 10.03.22	894425/-	252200801	460500204-Advance To Implementing Agencies-KWA

1-8-18 ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക,പാസ്ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക, പാസ്ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

ക്ര. നം.	ബാങ്ക്	അക്കൗണ്ട് നമ്പർ	നീക്കിയിരിപ്പ്
1	Scheduled Bank	Own Fund-2	7948
2	Joint Venture	TSB	10,00000

1-8-18-1 കാലാവധി കഴിഞ്ഞ ചെക്കുകൾ ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

ചെക്ക് നമ്പർ	തീയ്യതി	തുക
032580	1.10.21	200000/-(SMGB)
032579	16.09.21	9490/-
033071	27.10.21	12144/-
696174	30.07.21	59169(SBI)
696189	08.09.21	28250

6543703	05.07.21	31460
696175	30.07.21	28250
696190	08.09.21	25505
19760	30.11.21	14000(Canara)
065801	08.03.21	118000

1-8-18-2 "Cheques Deposited But Not Credited" ആയിട്ടുള്ള ചെക്കുകൾ വരവായി എടുത്തിട്ടില്ല.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ചെക്ക് നമ്പർ	തീയ്യതി	തുക
രേഖപ്പെടുത്തിയിട്ടില്ല	1.08.21	3780/-(SMGB)
,,	10.08.21	1500/-,,
,,	11.11.21	3000/-,,
,,	04.10.21	1750/-,,
,,	29.09.21	76620 ,,
,,	08.09.21	25505(SBI)
,,	22.10.21	1923343
,,	05.07.21	31460/
,,	08.09.21	28250
19760	30.11.21	14000(canara)
രേഖപ്പെടുത്തിയിട്ടില്ല	30.04.21	123231

ഒരേ ചെക്ക് നമ്പർ പ്രകാരമുള്ള തുക വരവിലും ചെലവിലും ഉൾപ്പെടുത്തി റീകൺസിലിയേഷൻ നടത്തിയതായി കാണുന്നു.

ഉദാ:-19760 ചെക്ക് പ്രകാരമുള്ള തുക 14000/- രൂപ കൂട്ടുകയും,കുറക്കുകയും ചെയ്ത് റീകൺസിലിയേഷൻ നടത്തിയതായി കാണുന്നു. ഇപ്രകാരമുള്ള റീകൺസിലിയേഷൻ പല അക്കൗണ്ടുകളിലും കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻകയറി (06/19.04.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-8-19 ഇടപാടുകളില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

IAY ഭവന പദ്ധതിക്ക് വേണ്ടി മുൻപ് നിലവിലുണ്ടായിരുന്ന കാത്തലിക് സിറിയൻ ബാങ്ക് അക്കൊണ്ടിൽ (A/C നം.190001) 2022, മാർച്ച് 31 ന് 4226294/- രൂപ നീക്കിയിരിപ്പുണ്ട്. ടി അക്കൗണ്ടിലേക്ക് പലിശയായി വരുമാന മുണ്ടെങ്കിലും മറ്റ ഇടപാടുകൾ നടക്കുന്നില്ല. മാത്രവുമല്ല ടി അക്കൗണ്ടുകൾ തിരിച്ചടക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്ത് വിഹിതമായി പ്ലാൻ ഫണ്ടിൽ നിന്നും മാറ്റിയിട്ടുള്ള തുകയാണ് ഇപ്രകാരം നീക്കിയിരിപ്പായിട്ടുള്ളത്. ഇപ്രകാരം ബാക്കിയുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതും അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതുമാണ്. ഓഡിറ്റ് എൻകയറി (18/20.04.23)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-9 കളക്ഷൻ തുക ബാങ്കിൽ വരവ് വന്നിട്ടില്ല

17.03.2022-ാം തിയ്യതിയിലെ കളക്ഷൻ തുകയായ 4720/-രൂപ തനതുഫണ്ടിൽ വരവ് വന്നിട്ടുള്ളതായി കാണുന്നില്ല.

ക്ര. നം.	രശീതി നമ്പർ	സ്ഥാപന പേര്	രശീതി ശീർഷകം	തുക
1	121050100004	KSIE	Other Receipts	2360/-
2	900246100090	KSIE	Other Receipts	2360/-

ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 8/19.4.23 നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല. തുക അക്കൗണ്ടിൽ അടവാക്കിയിട്ടില്ലെന്നും തെറ്റായി അടിച്ചുവന്നതാണെന്നും ആയത് IKMൽ കംപ്ലയിന്റ് രജിസ്റ്റർ ചെയ്ത് ഒഴിവാക്കാവുന്നതാണെന്നും ഹെഡ്ക്ലർക്ക് വാക്കാൽ അറിയിക്കുമാത്രമാണ് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. രേഖകൾ സഹിതം തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ക്രമ.നം. 1,2 പ്രകാരമുള്ള ആകെ തുക 4720രൂപ വരവു നഷ്ടമായി കണക്കാക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-10 ഗവ.പ്രീമെട്രിക് ഹോസ്റ്റൽ പൊളിച്ചത് ലേലം നടത്തിയ രേഖകൾ ഹാജരാക്കിയില്ല

ഭരണസമിതിയുടെ 08.03.22 -ാം തിയ്യതിയിലെ തീരുമാനം 9/02 പ്രകാരം NH 66 വികസനത്തോട് അനുബന്ധിച്ച് എങ്ങണ്ടിയൂർ ഗവ.പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടം പൊളിച്ചു മാറ്റേണ്ടി വരുന്ന സാഹചര്യത്തിൽ കെട്ടിടം ഒഴിഞ്ഞു കൊടുക്കേണ്ട സാഹചര്യം വരുകയാണെങ്കിൽ ഹോസ്റ്റൽ പ്രവർത്തനം സംബന്ധിച്ചും സാധനസാമഗ്രികൾ മാറ്റുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശം നൽകുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് കത്ത് നൽകുന്നതിന് കമ്മിറ്റി തീരുമാനമെടുത്ത് തുടർനടപടികൾക്കായി എസ്.സി.ഡി.ഒ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ഗവ.പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടം പൊളിച്ചു മാറ്റിയിട്ടുണ്ടോ എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തിയ ശേഷമാണോ കെട്ടിടം പൊളിച്ചിട്ടുള്ളത് എന്നും പൊളിച്ച കെട്ടിടം ലേലം ചെയ്ത് തുക ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 9/19.4.23 നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. മേൽ ഭരണസമിതി തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-11 ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്യേണ്ടതാണ്

കേരളപ്പിറവിയോട് അനുബന്ധിച്ച് നിർമ്മിച്ച സുവർണ്ണ ജൂബിലി സ്മാരക മന്ദിരത്തിൽ 8 മുറികളുണ്ട് (8/413 മുതൽ 8/420 വരെ). ഇതിൽ ഒരുമുറിയിൽ ജനകീയഹോട്ടൽ പ്രവർത്തിച്ചു വരുന്നു. മറ്റൊരു മുറിയിൽ കാർത്തിക SHG ന് ഓക്ടോബർ 2021 വരെ പ്രവർത്തിച്ചു വന്നിരുന്നു. ബാക്കി 7 മുറികളിൽ (ഒരു മുറി 11/21 മുതൽ) നിന്നും വാടക രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വരുമാനമൊന്നുമില്ല. ഈ 7 മുറികൾ 2021-22 സാമ്പത്തിക വർഷത്തിൽ ലേലം നടത്തി വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 10/19.4.23 നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. മുറികൾ ലേലം ചെയ്ത് വാടകയ്ക്ക് നൽകാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ മുറികളെല്ലാം വാടകയ്ക്ക് നൽകി ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 സ്ഥലം എറ്റെടുക്കൽ തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഭരണസമിതിയുടെ 08.12.21-ാം തിയ്യതിയിലെ തീരുമാനം 3/02 പ്രകാരം NH 66 വികസനത്തോട് അനുബന്ധിച്ച് സുവർണ്ണ ജൂബിലി സ്മാരക മന്ദിരത്തിലെ വനിതാ വിപണനകേന്ദ്രം ഒഴിയേണ്ടതാണെന്ന് കൊടുങ്ങല്ലൂർ ലാൻഡ് അക്വസിഷനിൽ നിന്നും രേഖാമൂലം നോട്ടീസ് ലഭിച്ചതിനാൽ വനിതാ വിപണന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതുപ്രകാരം സുവർണ്ണ ജൂബിലി സ്മാരക മന്ദിരം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ 0.0104 ഹെക്ടർ, 0.0016 ഹെക്ടർ പ്രകാരമുള്ള ഭൂമി എറ്റെടുക്കുന്നതിന് 54,12,391/-രൂപ നിശ്ചയിച്ചതായി സ്പെഷ്യൽ തഹസിൽദാർ മുഖേന അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്നം.സി.2210/21 തി.08.11.22 പ്രകാരം ലാന്റ് അക്വിസിഷൻ വില കുറവാണെന്ന് ചൂണ്ടി കാട്ടി സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, ലാന്റ് അക്വിസിഷൻ, കൊടുങ്ങല്ലൂർ എന്നവർക്ക് കത്ത് നൽകിയതായി കാണുന്നു.

പിന്നീട് തുടർനടപടികളൊന്നും ഫയലിൽ കാണുന്നില്ല. വാല്യൂവേഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ, അക്വിസിഷൻ തുക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടോ എന്നിവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 11/19.4.23 നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഭൂമി എറ്റെടുക്കൽ തുക ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു

1. താഴെ പറയുന്ന ചെലവുകൾക്ക് അനുബന്ധമായ ധനവിനിയോഗ സാക്ഷ്യപത്രം, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ക്രമ നം.	ബിൽ നം &ചെക്ക് നം	ഉദ്യോഗസ്ഥൻ	തുക
1	CB-18/21-22,chq No:4700838/3.6.21	CHC,Valappad	3,00,000/-
2	CB-18/21-22,chq No:4700838/3.6.21	Assistant Executive Engineer	25,000/-
3	CB-60/21-22,chq No:6543740	CDPO	15,000/-
4	CB-60/21-22,chq No:6543740	SCDO	10,000/-
5	CB-60/21-22,chq No:6543740	Diary Development Officer	10,000/-

*Assistant Executive Engineer വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു.

2. CB-27/21-22, ചെക്ക് നം.6543708/19.7.21 പ്രകാരം പത്രപരസ്യം നൽകുന്നതിന് 16,437/-രൂപ ദേശഭിമാനിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ബില്ലുകളോ, മറ്റ് രേഖകളോ വൗച്ചറിനോടൊപ്പമില്ല.
രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/20.4.23 നൽകിയിരുന്നു. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-14 വാടക രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം വാടക ഡിമാന്റ് 6000/-രൂപയും,കളക്ഷൻ 6000/-രൂപയും, കിട്ടാനുള്ള തുക 0/- ആണ്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം 15,930/- വരവുണ്ട്. എപ്രിൽ 21, മെയ്യ് 21, ജൂൺ 21, ജനുവരി 22, ഫെബ്രുവരി 22, മാർച്ച് 22 എന്നി 6 മാസങ്ങളിലെ വാടക കുടിശ്ശികയുണ്ട്. ആയതിനാൽ വാടക രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാതെ വന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/20.4.23 നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ യഥാർത്ഥ വാടക വരുമാനം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി വാർഷിക ധനകാര്യ പത്രികയും വാടക രജിസ്റ്ററും പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമാക്കേണ്ടതാണ്.

1-15 പാലിയേറ്റീവ് കെയർ - പഞ്ചായത്തിനുള്ള വിഹിതം-ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നമ്പർ. 37/2022

പാലിയേറ്റീവ് കെയർ പഞ്ചായത്തിനുള്ള വിഹിതം.

മെഡിക്കൽ ഓഫീസർ , സി.എച്ച്. സി.

അടങ്കൽ :570000

ചെലവ് : 569823

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പഞ്ചായത്തിനുള്ള വിഹിതം നല്കൽ പദ്ധതിയിൽ

569823 രൂപ വിവിധ പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്.

ക്രമ. നം	ഗ്രാമപഞ്ചായത്ത്	വിഹിതം
1	ഏങ്ങണ്ടിയൂർ	150000
2	വാടാനപ്പിള്ളി	99828
3	നാട്ടിക	100000
4	തളിക്കുളം	119995
5	വലപ്പാട്	100000
		569823

മേൽ പഞ്ചായത്തുകളിൽ നാട്ടിക ഗ്രാമപഞ്ചായത്ത് മാത്രമാണ് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിട്ടുള്ളത്. മറ്റു ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.
മറ്റ് നാലു പഞ്ചായത്തുകളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് ഓഡിറ്റ് എൻകൃയറിക്ക് (നം. 7/ 19.4.23) മറുപടി ലഭ്യമാക്കി.

1-16 സെക്കണ്ടറി പാലിയേറ്റീവ് കെയർ ,ഡിമെൻഷ്യ ക്ലിനിക്ക് - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

1.പ്രൊജക്ട് നം: 42/22
സെക്കണ്ടറി പാലിയേറ്റീവ് കെയർ

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

അടങ്കൽ : 900000

ചെലവ്: 899982

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ സെക്കണ്ടറി പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ ട്രഷറിബിൽ.നം 21/24.2.2022 പ്രകാരം 322982 രൂപ, മരുന്നുകളും സാധനസാമഗ്രികളും ലഭ്യമാക്കുന്നതിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (7/19.4.2022) ആകെ 17625 രൂപയുടെ സാധനസാമഗ്രികൾ കൂടി ലഭ്യമാവാനുണ്ടെന്ന് മറുപടി ലഭ്യമാക്കി.
2. പ്രൊജക്ട് നം: 25/22

ഡിമെൻഷ്യ ക്ലിനിക്
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

അടങ്കൽ :100000

ചെലവ് :91394 (ബിൽ നം.13/25.10.2021)

മേൽ പ്രൊജക്ട പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി പ്രൈഫോർമ ഇൻവോയ്സ് PRF2838/22.1.2021 പ്രകാരം 91394 രൂപ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (7/19.4.2022), 1470 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ടെന്ന് മറുപടി ലഭ്യമാക്കി.
ക്രമ നം.1,2 പ്രൊജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 കാലിത്തീറ്റ വിതരണം-സംയുക്ത പ്രോജക്ട് -രേഖകൾ ഹാജരാക്കിയിട്ടില്ല-211295 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- സീനിയർ വെറ്റിറനറി സർജൻ

പ്രോജക്ട്	വൗച്ചർ നമ്പർ / ചെക്ക്	തീയ്യതി	തുക

	നമ്പർ		
40-വനിതകൾക്ക് കാലിത്തീറ്റ സബ്സിഡി	ബിൽ -പി4/21-22 (വലപ്പാട് ഗ്രാമപഞ്ചായത്തിന് വേണ്ടി നേരിട്ട് ചെലവ്)	29/11/21	525200
	22100469 (വലപ്പാട് ഗ്രാമപഞ്ചായത്തിന് വേണ്ടി നേരിട്ട് ചെലവ്)	10-03-22	500000
	പഞ്ചായത്തുകൾക്ക് വിഹിതം അലോട്ട്മെന്റ് ആയി നല്കിയത്. വൗച്ചർനമ്പർ, ബിൽ നമ്പർ ലഭ്യമല്ല.	വലപ്പാട്	27520
		ഏങ്ങണ്ടിയൂർ	382000
		തളിക്കുളം	109000
		വാടാനപ്പിള്ളി	200000
ആകെ തുക (പ്ലാൻ ചെലവ് തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാക്കുന്ന റിപ്പോർട്ട് പ്രകാരം പൊരുത്തപ്പെടുന്നുണ്ട്)			1743720

വലപ്പാട് ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യഗസ്ഥനും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണോദ്യഗസ്ഥനും വലപ്പാട് സീനിയർ വെറ്റിനറി സർജൻ തന്നെയാണ്. വലപ്പാട് ഗ്രാമപഞ്ചായത്ത് ഒഴികെ ബാക്കി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് അലോട്ട് മെന്റ് നല്കുകയും അതാത് ഗ്രാമപഞ്ചായത്തുകൾ ഈ അലോട്ട്മെന്റ് തുക മാറുകയും അത് പദ്ധതി ചെലവ് നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്വയറിലെ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ഈ തുക ചെലവായി രേഖപ്പെടുത്തിയതും ഓഡിറ്റിൽ ഉറപ്പാക്കിയിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തുകളുടെ ഈ ചെലവുകളുടെ കൃത്യത അതാത് ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ ഉറപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ വലപ്പാട് ഗ്രാമപഞ്ചായത്തിന് വേണ്ടി ബ്ലോക്ക് വിഹിതമായി ആകെ 1052720 രൂപ (മേൽ പട്ടികയിലെ ആദ്യ മൂന്ന് നിരകളിലെ ചെലവിന്റെ ആകെ തുക) ചെലവഴിച്ചെങ്കിലും 27520 രൂപ മാത്രമേ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ് നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്വയറിലെ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ബ്ലോക്ക് വിഹിതമായി രേഖപ്പെടുത്തപ്പെട്ടുള്ളൂ. ആയതിന്റെ കാരണം കുറിപ്പ് 1 ആയി ചേർത്തിട്ടുണ്ട്.

ഈ അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ കാലിത്തീറ്റ വിതരണ പ്രോജക്ട് പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് വിഹിതം കൂടി ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ഈ പ്രോജക്ടിന്റെ പരിശോധനയിൽ 211295 രൂപയുടെ രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചെലവ് വിവരങ്ങൾ

എ)വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ ചെലവ് വിവരങ്ങൾ (ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയത്)

നിർവ്വഹണം- സീനിയർ വെറ്റിറനറി സർജൻ - ഡിഡിഒ കോഡ് 2307520254

പ്രോജക്ട്	വൗച്ചർ നമ്പർ	തീയ്യതി	തുക	കുറിപ്പ്
79-സുഭിക്ഷ കേരളം കാലിത്തീറ്റ വിതരണം	22101665	18.03.22	27520	ബ്ലോക്ക് വിഹിതം
	22101512	29.12.21	375000	വികസന ഫണ്ട് പൊതുവിഹിതം

	22101645	15.03.22	500000	വികസന ഫണ്ട് പൊതുവിഹിതം
	22101695	25.03.22	325000	വികസന ഫണ്ട് പൊതുവിഹിതം
	22101339	22-03-22	1562950	ഗുണഭോക്തൃവിഹിതം
	22101295	16.03.22	1605800	ഗുണഭോക്തൃവിഹിതം
	22101400	27.03.22	633750	ഗുണഭോക്തൃവിഹിതം
ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പ്രകാരം ആകെ ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /സുലേഖ പത്രിക)			5030020	

ബി)ബ്ലോക്ക് വിഹിതം - ബ്ലോക്കിന്റെ ഡിഡിഒ കോഡിൽ ഗ്രാമപഞ്ചായത്തിന് വേണ്ടി ചെലവഴിച്ചത്- നിർവ്വഹണം- സീനിയർ വെറ്റിറനറി സർജൻ -ഡിഡിഒ കോഡ് 2307630095

പ്രോജക്ട്	വൗച്ചർ നമ്പർ / ചെക്ക് നമ്പർ/ബില്ല് നമ്പർ (കുറിപ്പ് 2 കാണുക)	തീയ്യതി	തുക	കുറിപ്പ്
40-വനിതകൾക്ക് കാലിത്തീറ്റ സബ്സിഡി	ബില്ല്-പി4/21-22	29/11/21	525200	വികസന ഫണ്ട്-പൊതുവിഹിതം
	വൗച്ചർ നമ്പർ 22100469	10-03-22	500000	വികസന ഫണ്ട്-കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്
			10,25,200	

ഇപ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന് വേണ്ടി ഈ പ്രോജക്ട് പ്രകാരം ആകെ നിർവ്വഹണോദ്യഗസ്ഥൻ ചെലവഴിച്ചത് 1025200 (ബ്ലോക്ക് നേരിട്ട് ചെലവഴിച്ചത്)+5030020 (ഗ്രാമപഞ്ചായത്ത് വിഹിതം + ഗുണഭോക്തൃവിഹിതം +ബ്ലോക്ക് വിഹിതം)= 6055220രൂപ ആകുന്നു.

ഈ ചെലവിന് വേണ്ടി ഹാജരാക്കിയ ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നമ്പർ	തീയ്യതി	തുക	വിവരങ്ങൾ
36434	24-11-21	260000	കാലിത്തീറ്റ് വിതരണം ചെയ്തതിന് കേരള ഫീഡ്സ് ഹാജരാക്കിയ ബില്ലുകൾ
36555	24-11-21	265200	
37616	01-12-21	124800	
40704	18-12-21	269000	
40839	20-12-21	302625	
41715	23-12-21	294555	
41948	27-12-21	137800	
46196	19-1-22	302625	
46255	19-1-22	269000	
47317	24-01-22	142570	

47318	24-01-22	72630	
47320	24-01-22	221925	
51850	17-2-22	411570	
52685	22-2-22	302625	
53172	24-02-22	294555	
53939	01-03-22	403500	
53953	02-03-22	201750	
53954	02-03-22	201750	
54585	05-03-22	392740	
55012	08-03-22	145260	
55199	08-03-22	65195	
57221	18-03-22	336250	
57864	22-03-22	142570	
57866	22-03-22	260930	
ഗ്രണഭോക്തൃ വിഹിതം വലപ്പാട് പഞ്ചായത്തിലേയ്ക്ക് തന്നെ തിരിച്ചടച്ചത് ചെക്ക് നമ്പർ 5644824	17-06-22	22500	
		5843925	

ആകെ 6055220 രൂപ ചെലവഴിച്ചതിന് 5843925 രൂപയുടെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് . സ്ഥാപനത്തിലെ അസിസ്റ്റന്റ് ഫീൽഡ് ഓഫീസറുടെ സാന്നിധ്യത്തിൽ ഫയലിൽ ലഭ്യമായ എല്ലാ ബില്ലുകളും പരിശോധനയ്ക്ക് വിധേയമാക്കിയെങ്കിലും 211295 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി . ആയത് ഹാജരാക്കുന്നതുവരെ 211295 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻകൃയറി 20 തീ 21.04.23,മറുപടി ലഭ്യമാക്കിയിട്ടില്ല)

കുറിപ്പ് 1- വലപ്പാട് ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണോദ്യോഗസ്ഥനും വലപ്പാട് സീനിയർ വെറ്റിനറി സർജൻ തന്നെയാണ്. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ ഡിഡിഒ കോഡിൽ നിന്നും ബ്ലോക്ക് വിഹിതം ഗ്രാമപഞ്ചായത്തിനുള്ള അലോട്ട്മെന്റ് ആയി നല്കുന്നതും വലപ്പാട് ഗ്രാമപഞ്ചായത്തിന് വേണ്ടി ഈ പ്രോജക്ടിൽ നിർവ്വഹണോദ്യോഗസ്ഥൻ എന്ന നിലയിലുള്ള ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ഡി.ഡി.ഒ കോഡിൽ ചെലവ് നിർവ്വഹണം നടത്തുന്നതും ഒരേ ഉദ്യോഗസ്ഥനാണ് (സീനിയർവെറ്റിനറി സർജൻ). വലപ്പാട് ഗ്രാമപഞ്ചായത്തിന് വേണ്ടി ഫണ്ട് അലോട്ട്മെന്റിന് അപേക്ഷിക്കുകയും ആയത് തളിക്കുളം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച് വലപ്പാട് ഗ്രാമപഞ്ചായത്തിന് വേണ്ടി ബിൽ തയ്യാറാക്കുകയും ചെയ്യുന്നതിന് പകരം തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഡി.ഡി.ഒ കോഡ് ഉപയോഗിച്ച് 1025200 രൂപ ചെലവ് നടത്തിയതിനാൽ വലപ്പാട് ഗ്രാമപഞ്ചായത്തിന് 1052720 രൂപ തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് വിഹിതം നല്കിയെങ്കിലും 27520 രൂപ മാത്രമേ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ് നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്വയറിലെ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ബ്ലോക്ക് വിഹിതമായി രേഖപ്പെടുത്തപ്പെട്ടുള്ളൂ. 27520 രൂപ മാത്രമേ കൃത്യമായി വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണോദ്യഗസ്ഥൻ എന്ന നിലയിൽ നിർവ്വഹണോദ്യഗസ്ഥൻ ടി ആർ 59 E ബില്ല് തയ്യാറാക്കിയത്. ബാക്കി തുക തളിക്കുളം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വലപ്പാട് ഗ്രാമപഞ്ചായത്തിന് വേണ്ടി നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തത്. ഇപ്രകാരം ചെയ്തതിനാൽ ധനനഷ്ടം ഇല്ലെങ്കിലും വിവിധ പത്രികകൾ പൊരുത്തപ്പെടാതെ വരുന്നതായും

തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതായും കാണാം. ഉദാഹരണത്തിന് ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കിലും പത്രികകളിലും ബ്ലോക്ക് വിഹിതം കുറവായി രേഖപ്പെടുത്തി.

കുറിപ്പ് 2- ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണോദ്യഗസ്ഥൻ എന്ന നിലയിൽ ട്രഷറി ബിൽ ബുക്ക് ട്രഷറിയിൽ നിന്നും ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വാർഷികകണക്ക് തയ്യാറാക്കുന്ന സോഫ്റ്റ്വെയർ, പദ്ധതി ചെലവ് തയ്യാറാക്കുന്ന സോഫ്റ്റ്വെയർ എന്നിവ തമ്മിൽ വർഷാവസാനം സംയോജിപ്പിക്കാത്തതിനാൽ ഈ തുകകൾ ക്യാഷ്/ബാങ്ക് ബുക്കുകളിൽ രേഖപ്പെടുത്തപ്പെട്ടില്ല, വൗച്ചർ നമ്പറും ലഭ്യമല്ല. പട്ടികയിൽ ചേർത്തിട്ടുള്ള നമ്പറുകൾ ടി ആർ 59 ഇ യിൽ മാനുവൽ ആയി നിർവ്വഹണോദ്യഗസ്ഥൻ നല്കിയിട്ടുള്ളതാണ്.

കുറിപ്പ് 3. നിർവ്വഹണോദ്യഗസ്ഥൻ TR 59 E ബില്ലിനൊപ്പം പേയ്മെന്റിന് ആധാരമായ ഇൻവോയ്സുകൾ സൂക്ഷിച്ചിട്ടില്ല. സൂക്ഷിച്ചിട്ടുള്ള സംഗതിയിൽ ഇൻവോയ്സ് തുക പരിമിതപ്പെടുത്തി നല്കുന്നത് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുമില്ല. കുറിപ്പ് കുറിപ്പ് 4. ഗുണഭോക്തൃവിഹിതം കൈമാറിയ തുകകളുടെ TR59E, പേയ്മെന്റിന് ആധാരമായ ഇൻവോയ്സ് എന്നിവ ഫയലിൽ ഇല്ല. ചെക്കുകളുടെ പകർപ്പ്, യു.ടി.ആർ എന്നിവയാണ് ഹാജരാക്കിയത്.

1-18 വനിതകൾക്ക് ഗ്രൂപ്പ് സംരംഭം- പ്രവർത്തനം ആരംഭിച്ചില്ല- 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-വ്യവസായ വികസന ഓഫീസർ

പ്രോജക്ട്	ട്രഷറി ബിൽ നമ്പർ	തീയ്യതി	തുക
43-വനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം	1	21/3/22	300000

മേൽ പ്രോജക്ട് പ്രകാരം 5 വനിതകളുടെ ഗ്രൂപ്പിന് "ഇലത്താളി കേറ്ററിംഗ് സർവ്വീസ്" എന്ന സ്ഥാപനം ആരംഭിക്കുന്നതിന് 300000 രൂപ വായ്പ അധിഷ്ഠിത സബ്സിഡി നല്കിയിട്ടുണ്ട്. ഇന്ത്യൻ ബാങ്കിന്റെ വാടാനപ്പള്ളി ശാഖയിൽ നിന്ന് 3.89 ലക്ഷം വായ്പ അനുവദിച്ചുവെന്ന 10.03.22 തീയ്യതിയിലെ കത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പിന് സബ്സിഡി നല്കിയിരിക്കുന്നത്. പ്രതീക്ഷാത്മക ക്യാഷ് ഫ്ലോ, ബാലൻസ്ഷീറ്റ് എന്നിവ ഉൾപ്പെടുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാജരാക്കിയെങ്കിലും കാറ്ററിംഗ് സർവ്വീസിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ 400499 രൂപയുടെ ക്വട്ടേഷൻ മാത്രമാണ് ആയതിന് പിൻബലം നല്കുന്ന രേഖയായി ഹാജരാക്കിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പംഗങ്ങളുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപ നിർവ്വഹണോദ്യഗസ്ഥൻ സബ്സിഡി തുക ബാങ്കിലേയ്ക്ക് കൈമാറി അനുവദിച്ചു. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

1. 4 ലക്ഷം രൂപയുടെ ക്വട്ടേഷൻ ലഭ്യമാക്കിയെങ്കിലും 292500 രൂപയുടെ സാധനങ്ങൾ മാത്രം വാങ്ങി.ഇതിന്റെ അടിസ്ഥാനത്തിൽ 2,79,000 രൂപ മാത്രമാണ് ബാങ്ക് വായ്പ അനുവദിച്ചത്. സബ്സിഡി തുക 300000 രൂപ ബാങ്കിലേയ്ക്ക് നല്കിയിട്ടുള്ളതാണ്.

2. ഗ്രൂപ്പിന്റെ പ്രസിഡണ്ട് ഓഡിറ്റിന് വായ്പ പത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കുകയുണ്ടായി. വായ്പയെടുത്ത് വാങ്ങിയ ഉപകരണങ്ങൾ നിലവിൽ ഉപയോഗിക്കുന്നില്ല എന്നും ഇലത്താളി എന്ന കാറ്ററിംഗ് ഗ്രൂപ്പ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും ഗ്രൂപ്പ് പ്രസിഡണ്ട് അറിയിച്ചു.

3.മാർച്ച് 22 ൽ അനുവദിച്ച ലോണിലേയ്ക്ക് ഓഡിറ്റ് കാലയളവ് വരെ 4 തവണകളായി 5000 രൂപയാണ് അടവാക്കിയതായി കാണുന്നത്.

4.സബ്സിഡി ലഭിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ/പ്രൊഫണൽ തയ്യാറാക്കിയതായോ സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല. പ്രോജക്ട് റിപ്പോർട്ട് ഗ്രൂപ്പംഗങ്ങൾ അംഗീകരിച്ച് ഒപ്പിട്ടതായും കാണുന്നില്ല. നിർവ്വഹണോദ്യഗസ്ഥൻ പ്രോജക്ടിന്റെ പ്രായോഗികത പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല (ബാങ്ക് ഈ പ്രോജക്ട് റിപ്പോർട്ടിന്റെ മാത്രമല്ല, സബ്സിഡിയുടെയും അടിസ്ഥാനത്തിലാണ് സബ്സിഡിയെക്കാൾ കുറഞ്ഞ തുക വായ്പയായി

അനുവദിച്ചിരിക്കുന്നത്).

മേൽ സാഹചര്യത്തിൽ ഗ്രൂപ്പിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കുന്നതിനും ബാങ്കിന്റെ പക്കലുള്ള സബ്സിഡി തുക വായ്പ തുകയിലേയ്ക്ക് ക്രമീകരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിക്കുന്നതുവരെ ചെലവ് തുക 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി 21, തീ 21.04.23, മറുപടി ലഭ്യമാക്കിയിട്ടില്ല).

1-19 സംയുക്ത പ്രൊജക്ടുകൾ-വിവിധ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-കൈപ്പറ്റുരേഖയും ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർത്ത സംയുക്ത പ്രൊജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയ വിവരം, പ്രൊജക്ടുകളുടെ പൂർത്തീകരണ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രൊജക്ടിൽ മുഖ്യ പങ്കാളിയായ ഗ്രാമ പഞ്ചായത്തിന്റെ പ്രൊജക്ടുകൾ ഫയലുകളിൽ വെച്ചിട്ടില്ല. ലഭ്യമാക്കിയ ഫയലുകളിലെ മറ്റു അപാകതകൾ റിമാർക്സിൽ ചേർത്തിട്ടുണ്ട്.

സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക്/ഇ-ബിൽ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുകയുടെ വൗച്ചർ നം./ തിയതി ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്രകാരം അപാകത സംഭവിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

ക്രമ നം.	പ്രൊജക്ട് നമ്പർ /പേര്	വിഹിതം നൽകിയ സ്ഥാപനം	ഫണ്ടിനം/ചെലവ് തുക വിശദാംശം	റിമാർക്സ്
1.	Proj.No:110/22 കുടിവെള്ള ടാങ്ക് പണിയുന്നതിന് തളിക്കുളം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ	തളിക്കുളം ഗ്രാ.പ	CFC Vr.NO:XVFC/21-22/P/66 Dt.10.3.22 894425/-	ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല.
2.	Proj.No:81/22 മുട്ട കായൽ ബണ്ട് റോഡ്	ഏങ്ങണ്ടിയൂർ ഗ്രാ.പ	CFC Vr.NO:XVFC/21-22/P/66 Dt.10.3.22 499657/-	ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല.

മേൽ പ്രൊജക്ടുകളിലെ ചെലവുതുകയുടെ കൃത്യമായ കൈപ്പറ്റുരേഖയും ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം:1/18.4.23).

1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ - എഗ്രിമെന്റ് വെക്കാതെ തുക കൈമാറി

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകളിൽ പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതെ കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ തുക കൈമാറി.

ക്രമ നം.	പ്രൊജക്ട് നമ്പർ/ പേര്	വിഹിതം നൽകിയ സ്ഥാപനം	ഫണ്ടിനം/ചെലവ് തുക വിശദാംശം
1.	114/ 22 ഏങ്ങണ്ടിയൂർ പഞ്ചായത്ത് മീൻ കടവ് കുടിവെള്ള പദ്ധതി	എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി PH ഡി വിഷൻ ഇരിങ്ങാലക്കുട	CFC 1741075/- XVFC/2022-23 /P/4/16.3.22

2.	121/ 22 മാട്ടപ്പുറം Sc കോളനി വാട്ടർ കണക്ഷൻ	"	SCP 30000/- XVFC/2022-23 /P/11/8.2.22
3.	64/ 22 മാട്ടപ്പുറം Sc കോളനി വാട്ടർ കണക്ഷൻ	"	SCP 600000/- XVFC/2022-23 /P/11/8.2.22
4.	110/ 22 കുടിവെള്ള ടാങ്ക് പണിയുന്നതിന് തളിക്കുളം ഗ്രാപവിഹിതം നൽകൽ	"	CFC Vr.NO:XVFC/21-22/P/66 Dt.10.3.22 894425/-
	ആകെ ചെലവു തുക		3265500

സ.ഉ (കൈ)നം.11/ 2018ത.സ്വ.ഭ.വ 29.1.2018 ഖ. 11.2. ഡി പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. കൂടാതെ ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം:2/18.4.23) മറുപടി ലഭ്യമാക്കിയില്ല. ആകെ ചെലവ് തുക 32,65,500 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-21 ബ്ലോക്ക് പഞ്ചായത്ത് ഹാൾ പ്രസിഡന്റിന്റെ മുറി നവീകരണപ്രവൃത്തി-ഇൻകം ടാക്സ്, KCWWF എന്നിവ ഈടാക്കി കാണുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ (Proj.No: 97/ 22 റോഡിതര ഫണ്ട് ചെലവു തുക: 613327) ബ്ലോക്ക് പഞ്ചായത്ത് ഹാൾ പ്രസിഡന്റിന്റെ മുറി നവീകരണം.

ആർട്ട് കോ: 578116/-

ജിഎസ് ടി: 10016/-

എ. റ്റി ഇലക് ട്രോണിക്സ് (സൗണ്ട് സിസ്റ്റം അടിയന്തിര പർച്ചേസ്): 25195/-

ആകെ ചെലവു തുക: 613327

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 12.10.2021 തിയ്യതി നടന്ന സാധാരണ യോഗത്തിലെ 10/ 2 നമ്പർ തീരുമാനപ്രകാരം പ്രസിഡന്റിന്റെ മുറി നവീകരിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ ARTCO യുടെ എസ്റ്റിമേറ്റ് ജനറൽ കമ്മിറ്റി അംഗീകരിച്ചു.

കരാർ തിയ്യതി: 26.11.2021

കാഷ് ബിൽ നം. 235/ 13.12.21 തുക : 588132 രൂപ

ജി.എസ്.ടി ഒഴികെയുള്ള എസ്റ്റിമേറ്റ് തുകയുടെ 2% TDS GST ഈടാക്കിയിട്ടുണ്ടെങ്കിലും ഇൻകം ടാക്സ്, KCWWF എന്നിവ ഈടാക്കി കാണുന്നില്ല. പ്രസിഡന്റിന്റെ മുറിയും കോൺഫറൻസ് ഹാളും ആർട്ട് കോയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഫർണിഷിംഗ് നടത്തിയത് മരാമത്ത് പ്രവൃത്തിയായി തന്നെ കണക്കാക്കേണ്ടതാണ്. സ്ഥാപനം എന്ന നിലയിൽ 2% ഇൻകം ടാക്സ് ആർട് കോയിൽ നിന്നും ഈടാക്കണമായിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നം.3/18.4.23) വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-22 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

Proj No.2/22

ഐ.കെ.എം വിഹിതം നൽകൽ

വികസന ഫണ്ട് ചെലവു തുക : 31335/വൗച്ചർ നം. ലഭ്യമല്ല.

ഐ.കെ.എം വിഹിതത്തിന് 8.9.21 ൽ 23450 നമ്പർ രശീതി ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടില്ല. ഐ.കെ.എമ്മിന്റെ കത്ത് ഓഡിറ്റ് എൻകൃയറിക്ക് (4/19.4.23) മറുപടിയോടൊപ്പം ലഭ്യമാക്കി. ആയതു പ്രകാരം ഐ.കെ.എമ്മിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-23 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ട്രഷറി ബിൽ ബുക്ക്/ഇ-ബിൽ ബുക്ക്, ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാകേണ്ട മുഴുവൻ ഫണ്ടുകളുടെയും ഇ-ബിൽ സ്റ്റേറ്റ്മെന്റ് തുടങ്ങിയവ ഓഡിറ്റിന് ഹാജരാക്കിയില്ല

കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പട്ടിക ജാതി വികസന ഓഫീസർ, ക്ഷീരവികസന ഓഫീസർ, സീനിയർ വെറ്ററിനറി സർജൻ, സി.ഡി.പി.ഒ തുടങ്ങിയവർ 2021-22 വർഷത്തെ ട്രഷറി ബിൽ ബുക്കോ/ഇ-ബിൽ ബുക്കോ ഹാജരാക്കിയിട്ടില്ല. ടി സ്ഥാപനങ്ങൾ BIMS-ൽ നിന്നും ലഭ്യമാകുന്ന ഇ-ബിൽ ബുക്ക് ഹാജരാക്കേണ്ടതാണ്. സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്കും ഹാജരാക്കിയിട്ടില്ല. ആയതിനായി ട്രഷറിയുമായി രേഖാമൂലം ബന്ധപ്പെടാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാകേണ്ട മുഴുവൻ ഫണ്ടുകളുടെയും ഇ-ബിൽ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമായിട്ടില്ല. ആയതിനാൽ സെക്രട്ടറി അടക്കമുള്ള മേൽപറഞ്ഞ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ ചെലവുകളുടെ ആധികാരികത പൂർണ്ണമായി ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഇപ്രകാരം അപാകത സംഭവിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻകൃയറിക്ക് (നം.5/18.4.23) മറുപടി ലഭ്യമാക്കിയില്ല.

1-24 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഭരണഘടനാവബോധം ക്ലാസ്സ്-പ്രൊജക്ട് നിർവ്വഹണത്തിന് ഫണ്ട് വിനിയോഗിച്ചതിലെ അപാകത;ചെലവു തുക 50000 രൂപ തടസ്സത്തിൽ വെക്കുന്നു

പ്രൊജക്ട് നം:23/22
നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി
ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഭരണഘടനാവബോധം ക്ലാസ്സ്
തനതു ഫണ്ട് ചെലവു തുക: 50000/-
2022 ഫെബ്രുവരി 24, 25 തിയ്യതികളിൽ ഹൈസ്കൂളുകളിൽ ഒരു മണിക്കൂർ താഴെയുള്ള പ്രോഗ്രാമുകൾ നടത്തുന്നതിന് 19.2.22 ലെ 1 (3) നം. തീരുമാനം ഭരണ സമിതി എടുത്തു.
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.3.2022 ലെ സി1761/ 2021 നമ്പർ നടപടിക്രമം പ്രകാരം അന്ന് ഹെഡ് അക്കൗണ്ടന്റായിരുന്ന ശ്രീമതി സോണിയ കെ.ഡി.യുടെ കയ്യിൽ നിന്നും 25000 രൂപയും തൃപ്രയാർ കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നമ്പർ 40282100102078 എന്ന അക്കൗണ്ടിൽ നിന്നും 25000 രൂപയും സെൽഫ് ചെക്ക് മുഖേന മാറ്റിയെടുത്താണ് ആകെ 50000 രൂപ നൽകിയതെന്ന് പറയുന്നു. പ്രസ്തുത തുക പ്രൊജക്ട് തുകയിൽ നിന്നും റീ ക്രൂപ്പ് ചെയ്തു. ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
അഞ്ച് ഗ്രാമ പഞ്ചായത്തിലെ 8 സ്കൂളുകളിലായി ഒരു മണിക്കൂർ നീളുന്ന കലാപരിപാടികൾ ഫെബ്രുവരി 24,25 തിയ്യതികളിൽ നടത്തിയതായി പറയുന്നുവെങ്കിലും ആയതിന്റെ ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല.
ശ്രീമതി സോണിയയുടെ 19.3.22 ലെ സമർപ്പണവും പ്രേം പ്രസാദ് എന്ന വ്യക്തിയുടെ പേരിലുള്ള സബ് വൗച്ചറിലെഴുതിയ തിയതി വെക്കാത്ത യഥാക്രമം 45000, 5000 രൂപയുടെ കൈപ്പറ്റുകളുമാണ് ഫയലിലുള്ളത്. പ്രസ്തുത കൈപ്പറ്റിലെഴുതിയിരിക്കുന്നത് ഹൈസ്കൂൾ കുട്ടികൾക്ക് ഭരണഘടന അവബോധം കലാജാഥയെന്നാണ്. പ്രൊജക്ട് എപ്രകാരം നിർവ്വഹിക്കപ്പെട്ടുവെന്നതിന് തെളിവു നൽകുന്ന മറ്റൊരു രേഖയും, പ്രൊജക്ട് ചെലവിന്റെ UTR അടക്കം ഫയലിൽ സൂക്ഷിച്ചിട്ടില്ല.
പ്രൊജക്ട് നിർവ്വഹണത്തിൽ ഉൾപ്പെട്ട പണത്തിന്റെ വിനിമയത്തിൽ അപാകത സംഭവിച്ചിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നും മുഴുവൻ തുകയുമെടുത്ത് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനു പകരം ഉദ്യോഗസ്ഥയുടെ കയ്യിൽ നിന്നും പണമെടുത്തു ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. 12.4.2006 ലെ 177/2006 നമ്പർ സർക്കാർ ഉത്തരവിലെ ഇപ്പോഴും പ്രസക്തമായ നിബന്ധന പ്രകാരം 1000 രൂപയിൽ താഴെയുള്ള തുകയാണ് പണമായി ലഭ്യമാക്കാവുന്നത്. 1000 രൂപയിൽ കവിഞ്ഞ ഏതു ട്രാൻസാക്ഷനും അക്കൗണ്ട് മുഖേന വേണമെന്നിരിക്കെ ചെലവു രേഖകളുടെ പിൻബലമില്ലാതെ തിയ്യതി വെക്കാത്ത രണ്ടു കൈപ്പറ്റ രസീതു മാത്രം ഫയലിൽ ഉൾചേർത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻകൃയറി നം. 14/20.4.23)

വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവു തുക 50000 രൂപ തടസ്സത്തിൽ വെക്കുന്നു.

1-25 ഭരണ സമിതി തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്

ഭരണ സമിതി തീരുമാനം നം :2/21.2.22

2020-21 ലെ പ്രോജക്ട് നമ്പർ 87 (ലൂലു CFLTC നാട്ടികയിലേക്ക് ആവിശ്യമായ മരുന്നുകളും മറ്റ അവശ്യ സാധനങ്ങളും വാങ്ങുന്നതിനുള്ള പ്രൊജക്ട്) പ്രകാരം 28/12/2021 ൽ മാറിയ, നീതി മെഡിക്കൽ സ്റ്റോറിലെ ബില്ലുകളുടെ തുക 56007/- അക്കൗണ്ട് നമ്പർ തെറ്റായി രേഖപെടുത്തിയതിനാൽ സർക്കാർ അക്കൗണ്ടിലേക്ക് ടി തുക തിരിച്ചു പോയി എന്ന് 21/12/2021-ലെ 610/2021 നമ്പർ കത്ത് പ്രകാരം സുപ്രണ്ട് സി എച് സി വാടാനപ്പള്ളി അറിയിച്ചിട്ടുള്ളതിനാൽ ടി തുക തിരികെ ലഭിക്കുന്നതിന് സർക്കാരിലേക്ക് കത്ത് അയക്കുന്നതിന് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തി. തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻകയറിക്ക് (നം.13/19.4.23) മറുപടി ലഭ്യമാക്കിയില്ല.

1-26 ഭവന പദ്ധതികൾ-തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ഐ.എ.വൈ, ആവാസ് പ്ലസ്, പി.എം.എ.വൈ (ജി) ഭവന നിർമ്മാണ പദ്ധതികളിൽ ഓഡിറ്റ് തിയ്യതിയിലും നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്/വിശദാംശം	എഗ്രിമെന്റ് തീയതി	കൈപ്പറ്റിയ തുക	സ്റ്റേജ്
1.	സൂര്യ എഴത്തിങ്കൽ ജനറൽ ഏങ്ങണ്ടിയൂർ ഗ്രാ.പ	14.3.22	376000	റൂഫ്
2.	ഷബിത അനൂപ് ചെമ്പൻ എസ്.സി ഏങ്ങണ്ടിയൂർ ഗ്രാ.പ	27.1.22	370000	റൂഫ്
3.	ബിന്ദു സുനിൽകുമാർ ഒളാട്ട് എസ്.സി ഏങ്ങണ്ടിയൂർ ഗ്രാ.പ	9.2.22	376000	റൂഫ്
4.	പ്രവീണ അജിത് ചെമ്പൻ എസ്.സി ഏങ്ങണ്ടിയൂർ ഗ്രാ.പ	19.2.22	306000	ലിന്റൽ
5.	പ്രേമ കൃഷ്ണൻ മോങ്ങാടി എസ്.സി ഏങ്ങണ്ടിയൂർ ഗ്രാ.പ	14.3.22	256000	ലിന്റൽ
6.	ബീന സുരേഷ് ഞായക്കാട്ട്	4.5.22	376000	റൂഫ്

	എസ്.സി ഏങ്ങണ്ടിയ�ൂർ ഗ്രാ.പ			
7.	ബീന ഉണ്ണികൃഷ്ണൻ മഞ്ചമ്പറമ്പത്ത് ഹൗസ് ജനറൽ ഏങ്ങണ്ടിയൂർ ഗ്രാ.പ	5.5.22	306000	ലിന്റൽ
8.	സുനന്ദ ദേവരാജൻ പുയന്താട്ടിൽ എസ്.സി തളിക്കുളം ഗ്രാ.പ	9.2.22	376000	റൂഫ്
9.	ചന്ദ്രിക ചീരാം കുളങ്ങര എസ്.സി നാട്ടിക ഗ്രാ.പ	22.1.22	48000	പണി തുടങ്ങിയില്ല.
10.	വിനയ മനോജ് കിഴക്കേപുരയ്ക്കൽ ജനറൽ വലപ്പാട് ഗ്രാ.പ	10.1.22	306000	റൂഫ്
11.	സബിത താരാസിംഗ് മുറിയ പുരയ്ക്കൽ എസ്.സി വലപ്പാട് ഗ്രാ.പ	21.12.21	376000	റൂഫ്
12.	രമേഷ് കെ.എം കണ്ണോത്ത് എസ്.സി വലപ്പാട്ഗ്രാ.പ	5.1.22	48000	പണി തുടങ്ങിയില്ല.
13.	രമ വൽസൻ ചാഴുവീട് എസ്.സി വലപ്പാട്ഗ്രാ.പ	31.1.22	376000	റൂഫ്
14.	അനിത രാജു കടവത്ത് എസ്.സി വാടാനപ്പള്ളി ഗ്രാ.പ	22.3.22	376000	റൂഫ്
15.	സുമതി തിലകൻ തിരിയേടത്ത് എസ്.സി വാടാനപ്പള്ളി ഗ്രാ.പ	31.3.22	376000	റൂഫ്
16.	ജലജ മണികണ്ഠൻ മഞ്ചമ്പറമ്പത്ത് ഹൗസ് ജനറൽ ഏങ്ങണ്ടിയൂർ ഗ്രാ.പ	14.1.21	218000	ലിന്റൽ

മേൽ പറഞ്ഞവരിൽ ക്രമ നം 9,12,16 ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക പലിശ സഹിതം ഈടാക്കി

വിവരം അറിയിക്കേണ്ടതാണ്. മറ്റുള്ളവർ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻകൃയറി (നം.12/19.4.23) നിർദ്ദേശപ്രകാരം തുടർ നടപടി സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് ഹൗസിംഗ് ഓഫീസർ മറുപടി ലഭ്യമാക്കി.

1-27 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ

തൻ വർഷത്തെ വൗച്ചറുകൾ പ്രതിമാസമായി സൂക്ഷിച്ചിട്ടില്ല. കണ്ടിജന്റ് ബിൽ രജിസ്റ്ററിൽ തുടർച്ചയായി മാന്വൽ നമ്പർ രേഖപ്പെടുത്തിക്കാണുന്നു. സോഫ്റ്റ്വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പരുകൾ മാന്വൽ ആയി വൗച്ചറുകളിൽ ചേർക്കുന്നു. എല്ലാ വൗച്ചറുകൾക്കും സബ് വൗച്ചറുകൾ/കൈപ്പറ്റ്/BIMS UTR സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന Payment Voucher പ്രിന്റ് എടുത്തു വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻകൃയറിക്ക് (നം: 19/20.4.23) മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-28 ജനറേറ്റർ റിപ്പയറിന് മുൻകൂർ നൽകിയതിലെ അപാകത; 15062 രൂപ തടസ്സപ്പെടുത്തുന്നു

സി.ബി. നം 105/ 2021-22/14.2.22

തുക : 15062 രൂപ

ബ്ലോക്ക് പഞ്ചായത്തിലെ ജനറേറ്റർ റിപ്പയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വൈബ്രന്റ് പവർ സർവ്വീസസ്, കോട്ടയം എന്ന സ്ഥാപനം നൽകിയ പ്രൊഫോർമ ഇൻവോയ്സ് 2022/ VPS -02/ 3.1.22 തുക : 18828 രൂപയുടെ 80% തുക മുൻകൂറായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ വൗച്ചർ പ്രകാരം 15062 രൂപ 14.2.22 ലെ ചെക്ക് നം: XY 6543787 പ്രകാരം കൈമാറിയിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുക്കുന്നതിനു മുൻപ് മുൻകൂറായി പണം കൈമാറിയത് ശരിയായ ധനവിനിയോഗ നടപടിക്രമം അല്ല. പ്രസ്തുത റിപ്പയർ പ്രവൃത്തി നടത്തിയതിന്റെ ഫയൽ ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻകൃയറിക്ക് (നം.15/20.4.23) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതക്ക് ഫയൽ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 15062 രൂപ തടസ്സപ്പെടുത്തുന്നു.

1-29 വലപ്പാട് സാമൂഹ്യരോഗകേന്ദ്രം കെട്ടിടം നവീകരണം-നിർമ്മാണ വസ്തുക്കൾ ലേലം നടത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചു മാറ്റി സൂക്ഷിച്ചിട്ടുള്ള ഷീറ്റ്, ഗേറ്റ് എന്നിവ വാല്യുവേഷൻ നടത്തി 08.06.21 ലെ A-33/21-22 നമ്പർ കത്ത് പ്രകാരം സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെകൊടുക്കുന്നു.

ക്രമ നം.	ഇനം	എം.ബുക്ക് നം./പേജ് നം.	അളവ്	വാല്യുവേഷൻ
1.	ട്രസ്സ്	06/20-21പേജ് നം.1	92.85m2@19,50	2756.26
2.	ഗേറ്റ്	07/20-21,പേജ് 2	92.85kg @2968.51/ql	2374.71
				5131/-

മേൽ പ്രകാരം വാല്യുവേഷൻ കണക്കാക്കിയത് ലേലം നടത്തിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻകൃയറി (16/20.04.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-30 മണ്ണിന്റെ വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല

എടശ്ശേരി ബീച്ച് റോഡ് സൈഡ് കോൺക്രീറ്റിങ്ങ് എന്ന പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 1 ആയി എം. ബുക്ക് നം.07/21-22 പേജ് നം. 2 പ്രകാരം 39.546 M^3 മണ്ണും, എം. ബുക്ക് നം.07/21-22 പേജ് നം. 10 പ്രകാരം 38.38 M^3 മണ്ണും കൂടി ആകെ 77.926 M^3 മണ്ണ് കുഴിച്ചുത്ത് റോഡിൽ തന്നെ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻകൃയറി (17/20.04.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ താഴെ പറയുന്ന വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാര്യം വാർഷിക കണക്കുകൾ അപാകത ഖണ്ഡിക 1-8-16 ആയി ചേർത്തിട്ടുണ്ട്.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഏങ്ങണ്ടിയൂർ	2021-22	700000	പി.എം.എ.വൈ വിഹിതം	70000	630000
വാടാനപ്പിള്ളി	2021-22	0	"	0	0
തളിക്കുളം	2021-22	170000	,,	70000	100000
നാട്ടിക	2021-22	630000	,,	390000	240000
വലപ്പാട്	2021-22	630000	,,	0	630000

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ എജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം./തീയതി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരണ വിവരം
കേരള വാട്ടർ അതോറിറ്റി	മീൻകടവ് കുടിവെള്ള പദ്ധതി	XVFC/2022-23 /P/4/16.3.22	1741075	-	വിനിയോഗവിവരം ലഭ്യമായിട്ടില്ല.
;;	കുടിവെള്ള ടാങ്ക് പണിയുന്നതിന് തളിക്കുളം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ	XVFC/2022-23 /P/66/10.3.22	894425	-	വിനിയോഗവിവരം ലഭ്യമായിട്ടില്ല.
;;	നാട്ടിക മാട്ടുപുറം എസ്.സി കോളനി വാട്ടർ കണക്ഷൻ	XVFC/2022-23 /P/11/8.2.22	630000	-	വിനിയോഗവിവരം ലഭ്യമായിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി)
2001-02	3-1,3-2,3-3	2008-09	3-1	എ.കെ.ജി ഭവൻ കോളനി കുളം കെട്ട് പ്രവൃത്തിക്കു വേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് കൈപറ്റി പണി പൂർത്തിയാക്കിയിട്ടില്ല.	നിയമസഭാ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.
			3-2	ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കമ്പ്യൂട്ടർ കാബിൻ നിർമ്മാണം മൊബിലൈസേഷൻ അഡ്വാൻസ് കൈപറ്റി പണി പൂർത്തിയാക്കിയിട്ടില്ല.	നിയമസഭാ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.
			3-3	അടി പൂഴം പട്ടികജാതി കോളനി മണ്ണൊലിപ്പ് തടയൽ പണി പൂർത്തിയാക്കിയിട്ടില്ല.	നിയമസഭാ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	33753601.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	34845866.00
വരവിനങ്ങളിലുള്ള നഷ്ടം	4720
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	4218294

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-9	4720	സംഗീത് സി. കെ, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും
1-13(1)	325000	ജോളി വിജയൻ, സെക്രട്ടറി
1-13(1)	35000	സംഗീത് സി. കെ, സെക്രട്ടറി
1-13(2)	16437	സംഗീത് സി. കെ, സെക്രട്ടറി
1-17	211295	ഡോ. സിൽവൻ സി.കെ സീനിയർ വെറ്ററിനറി സർജൻ
1-18	300000	മനോജ് ടി. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ
1-20	3265500	സംഗീത് സി.കെ, സെക്രട്ടറി
1-24	50000	സംഗീത് സി.കെ, സെക്രട്ടറി
1-28	15062	സംഗീത് സി.കെ, സെക്രട്ടറി
	4218294	

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. സിൽവൻ സി.കെ സീനിയർ വെറ്ററിനറി സർജൻ	സീനിയർ വെറ്ററിനറി സർജൻ, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്	ചവറാട്ടിൽ ഹൗസ് അരിമ്പൂർ പി.ഒ തൃശ്ശൂർ
മനോജ് ടി. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്	ശ്രീരാഗം നോർത്ത് പറവൂർ പി.ഒ എറണാകുളം
സംഗീത് സി. കെ, സെക്രട്ടറി	സെക്രട്ടറി, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്	ചെമ്പിശ്ശേരി ഹൗസ് ചെങ്ങാലൂർ പി.ഒ തൃശ്ശൂർ

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്സ് (CAR/CASE /CH/SCH)

1	1995-96 മുതൽ 1997-98 വരെ	എൽ.എഫ്.ടി(14)-570/2000 തീ.11.06.2000	12	27(എ), 37, 38, 39, 40, 41, 42, 43, 45, 46, 47, 48	
2	1998-99	എൽ.എഫ്.ടി(14)-616/04 തീ.05.05.04/ 29.10.04	2	2, 4	
3	1999-2000	എൽ.എഫ്.ടി(14)-615/04 തീ.05.05.04/ 29.10.04	1	4	
4	2000-01	എൽ.എഫ്.ടി(14)-613/04 തീ.5.5.04/ 29.10.04	2	2-2, 2-3	
5	2001-02 പ്ലാൻ ഒഴികെ	എൽ.എഫ്.ടി(21)-2428/07 തീ.25.11.08/ 3.02.09	3	3-1, 3-2, 3-3	3-1 3-2 3-3
6	2001-02 പ്ലാൻ	എൽ.എഫ്.ടി(14)-614/04 തീ.5.8.04	6	ഭാഗം.2, 1, 3, 5, 6, 7, 12	
7	2002-03	എൽ.എഫ്.ടി(21)-2419/07 തീ.25.11.08	5	3-1, 3-3, 3-6, 3-7, 3-10	
8	2003-04	എൽ.എഫ്.ടി(21)-2430/07 തീ.20.11.08/ 7.2.09	8	3-2, 3-4, 3-5, 3-6(എ), 3-6(ബി), 3-8, 3-9, 3-10	
9	2004-05	എൽ.എഫ്.ടി(21)-2431/07 തീ.23.12.2009/ 10.02.2010	7	3-2, 3-3, 3-9(ബി), 3-10, 3-11, 3-12(എ), 3-12(ബി)	
10	2005-06	എൽ.എഫ്.ടി(21)-2432/07 തീ.23.12.09/ 10.02.10	8	3-1, 3-2, 3-3, 3-8, 3-9, 3-12, 3-13, 3-15	
11	2006-07 മുതൽ 2011-12 വരെ	എൽ.എഫ്.ടി(ബിപി)-1873/12 തീ.5.02.13/9.04.13	13	1-1, 1-2, 1-3, 3-1, 3-2, 3-3(i), 3-3(ii), 3-5, 3-6, 3-7, 3-9, 3-10, 3-12	
12	2011-12	എൽ.എഫ്.ടി(ബിപി)2108/13 തീ. 13.01.14	6	3-1, 3-2, 3-5, 3-6, 3-7, 3-8	

13	2012-13	കെ.എസ്.എ.ടി.എസ്.ആർ (ബിപി)1022/14 തീ. 09.01.15/06.04.15	9	3-1, 3-2, 3-4, 3-5, 3-6(A), 3-6(B), 3-8, 3-10, 3-11	
14	2013-14	കെ.എസ്.എ.ടി.എസ്.ആർ (ബിപി)1630/15 തീ. 05.10.15	16	3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9(എ), 3-9(ബി), 3-9(ഇ), 3-9(എഫ്), 3-10, 3-13, 3-14, 3-16	
15	2014-15, 2015-16	കെ.എസ്.എ.ടി.എസ്.ആർ (ബിപി)773/17 തീ. 27.05.17	9	2-1, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-9(ബി), 3-10	
16	2016-17	കെ.എസ്.എ.ടി.എസ്.ആർ (ബിപി1)1738/17	12	2-1, 3-1, 3-3, 3-4, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-17, 3-18	
17	2017-18	കെ.എസ്.എ.ടി.എസ്.ആർ (ബിപി)137/19 തീ. 20.04.19	24	1-8, 1-10, 2-1(1), 2-1(2), 2-1(3), 2-1(4), 2-4, 2-4(1), 2-4(2), 2-4(3), 3-2, 3-3(1), 3-3(2), 3-4, 3-5, 3-6, 3-7, 3-8(എ), 3-8(ബി), 3-8-2, 3-9, 3-11, 3-15, 3-16, 3-17	
18	2018-19	കെ.എസ്.എ.ടി.എസ്.ആർ (ബിപി)1811/19 തീ. 19.3.20	9	1-11, 1-13(1)(2), 1-14, 1-17, 1-19(1)(2)(3), 1-20, 1-22, 1-23, 1-26	

19	2019-20	കെ.എസ്.എ.ടി.എസ്.ആർ (പി14)506/22 തീ. 28.06.22	14	1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35	
20	2020-21	കെ.എസ്.എ.ടി.എസ്.ആർ (പി14)507/22 തീ. 28.06.22	18	1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39	
21					
	ആകെ		152		

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്